**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1734** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>അളഗപ്പ നഗർ ഇ.എസ്.ഐയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഇ.എസ്.ഐയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

**<u>മറുപടി:</u>** അളഗപ്പനഗറിലെ ഇ.എസ്.ഐ. ഡിസ്പെൻസറി പൊളിച്ചുമാറ്റുന്നതു ഉൾപ്പെടെയുള്ള പ്രത്യേക അറ്റകുറ്റപ്പണികൾ നിലവിൽ നടന്നുവരികയാണ്. അളഗപ്പനഗറിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറിയും ജീവനക്കാർക്കുള്ള താമസസൗകര്യവും (സ്റ്റാഫ് ക്വാർട്ടേഴ്സ്) നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**(ബി)** ജീർണ്ണാവസ്ഥയിലായ പഴയ കെട്ടിടത്തിൽ നിന്നും വാടക കെട്ടിടത്തിലേയ്ക്ക് മാറി പരിമിതമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന അളഗപ്പ നഗർ ഇ.എസ്.ഐ. ആശുപത്രിക്ക് ലാബ് സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** അളഗപ്പനഗറിലെ ഇ.എസ്.ഐ. ഡിസ്പെൻസറി പൊളിച്ചുമാറ്റുന്നതു ഉൾപ്പെടെയുള്ള പ്രത്യേക അറ്റകുറ്റപ്പണികൾ നിലവിൽ നടന്നുവരികയാണ്. അളഗപ്പനഗറിൽ പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറിയും ജീവനക്കാർക്കുള്ള താമസസൗകര്യവും (സ്റ്റാഫ് ക്വാർട്ടേഴ്സ്) നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**